# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

കെ. എൻ. വേണുഗോപാലൻ കർത്ത
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: 0481 2731020, 2732650,
മൊബൈൽ: 9846720402

പി.ആർ.ഒ/36/168/2017 പത്രക്കുറിപ്പ് 2017 ആഗസ്റ്റ് 10

**പരീക്ഷകൾ മാറ്റി**

സ്കൂൾ ഓഫ് മെഡിക്കൽ എഡ്യൂക്കേഷൻ കേന്ദ്രങ്ങളിലും, പത്തനംതിട്ട ചുട്ടിപ്പാറ സ്കൂൾ ഓഫ് അപ്ലൈഡ് ലൈഫ് സയൻസസിലും ഇന്ന് (ആഗസ്റ്റ് 11) മുതൽ മഹാത്മാഗാന്ധി സർവ്വകലാശാല നടത്താൻ നിശ്ചയിച്ചിരുന്ന എല്ലാ പരീക്ഷകളും മാറ്റി വച്ചു.

**എം. എസ്. ഡബ്ല്യൂ/എം. എഡ്/എം. ടെക് റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചു.**

സർവ്വകലാശാലയുടടെ കീഴിലുള്ള അഫിലിയേറ്റഡ് കോളേജുകളിലെ എം. എസ്. ഡബ്ല്യൂ, സ്കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസസിലെ എം. എഡ്, സ്കൂൾ ഓഫ് കെമിക്കൽ സയൻസിലെ എം. ടെക്ക് പോളിമർ സയൻസ് ആന്റ് ടെക്നോളജി എന്നീ പ്രോഗ്രാമുകൾക്ക് 2017 - 18 അക്കാദമിക വർഷത്തിലെ പ്രവേശനത്തിനുള്ള റാങ്ക് ലിസ്റ്റുകൾ പ്രസിദ്ധപ്പെടുത്തി. റാങ്ക് ലിസ്റ്റിലുൾപെട്ടിട്ടുള്ളവർ ആഗസ്റ്റ് 17 ന് അസംബ്ലിഹാളിൽ നടക്കുന്ന പ്രവേശന കൗൺസിലിങ്ങിനു ഹാജരാകണം. റാങ്ക് ലിസ്റ്റും വിശദമായ ഷെഡ്യൂളും കൗൺസിലിങ്ങിനു ഹാജരാകേണ്ടവർക്കുള്ള നിർദ്ദേശങ്ങളും www.cat.mgu.ac.in, www. mgu.ac.in എന്നീ വെബ്സൈറ്റുകളിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. പ്രവേശന കൗൺസിലിങ്ങിനായി പ്രത്യേക അറിയിപ്പ് അയക്കുന്നതല്ല.

**പുനർമൂല്യനിർണയഫലം**

ആറാം സെമസ്റ്റർ ബി. എ (സി. ബി. സി. എസ്. എസ്) ഡിഗ്രി പരീക്ഷയുടെ പുനർമൂല്യനിർണ്ണയഫലം സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്. മാർക്ക് വ്യത്യാസമുള്ള വിദ്യാർത്ഥികൾ മെമ്മോ ഡൗൺലോഡ് ചെയ്ത് സർവ്വകലാശാലയിലെ ബന്ധപ്പെട്ട ടാബുലേഷൻ സെക്ഷനിൽ ഹാജരാക്കണം.

**സൂക്ഷ്മപരിശോധന**

2016 ഒകടോബറിൽ നടത്തിയ മൂന്നാം സെമസ്റ്റർ ബി. എ ഡിഗ്രി പരീക്ഷയുടെ സൂക്ഷ്മപരിശോധനയക്ക് അപേക്ഷ നൽകിയിട്ടുള്ളവർ ആഗസ്റ്റ് 16, 17, 18 തീയതികളിൽ പരിക്ഷാഭവനിലെ ഇ. ജെ - പതിനൊന്ന് സെക്ഷനിൽ ഹാൾടിക്കറ്റ് സഹിതം ഹാജരാകണം.

2016 ആഗസ്റ്റ്/സെപ്റ്റംബർ മാസങ്ങളിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം. കോം (സി. എസ്. എസ് - റഗുലർ/ സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകളുടെ ഉത്തരക്കടലാസുകളുടെ സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷിച്ച വിദ്യാർത്ഥികൾ ആഗസ്റ്റ് 17, 18 തീയതികളിൽ ഹാൾടിക്കറ്റോ, ഐ. ഡി കാർഡോ സഹിതം പുതിയ പരിക്ഷാ ഭവനിലെ ഇ. ജെ - അഞ്ച് സെക്ഷനിൽ (റൂം നമ്പർ 226) ഹാജരാകണം.

**സംവരണ സീറ്റൊഴിവ്**

സ്കൂൾ ഓഫ് കംപ്യൂട്ടർ സയൻസസിൽ 2017 - 19 ബാച്ചിൽ എം. എസ്സി. കംപ്യൂട്ടർ സയൻസ് കോഴ്സിന് എസ്. റ്റി വിഭാഗത്തിൽ ഒരു ഒഴിവുണ്ട്. താത്പര്യമുള്ളവർ അസ്സൽ സർട്ടിഫിക്കറ്റുകളുമായി ആഗസ്റ്റ് 14 ന് രാവിലെ 10 മണിക്ക് സ്കൂൾ ഓഫിസിൽ ഹാജരാകണം. എസ്. റ്റി. വിഭാഗക്കാരുടെ അഭാവത്തിൽ എസ്. സി വിഭാഗക്കാരെയും പരിഗണിക്കും. വിശദവിവരങ്ങൾക്ക് ഫോൺ 0481 - 2731037.

**എം. എസ്സി. സീറ്റൊഴിവ്**

സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസിൽ എം. എസ്സി. ഡിസെബിലിറ്റി സ്റ്റഡീസ് ആന്റ് റിഹാബിലിറ്റേഷൻ സയൻസസ് കോഴ്സിൽ ഏതാനും സീറ്റുകൾ ഒഴിവുണ്ട്. ആർട്സ് വിഷയങ്ങളിൽ 45 ശതമാനം മാർക്കോടെയോ, സയൻസ് വിഷയങ്ങളിൽ 50 ശതമാനം മാർക്കോടെയോ ഉള്ള ബിരുദമാണ് യോഗ്യത. താത്പര്യമുള്ളവർ അസ്സൽ സർട്ടിഫിക്കറ്റുകൾ സഹിതം ആഗസ്റ്റ് 17 ന് രാവിലെ 10.30 ന് സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസിൽ ഹാജരാകണം. വിവരങ്ങൾക്ക് ഫോൺ : 0481 - 2731034.

**ബാങ്ക് ക്ലർക്ക് പരീക്ഷാ പരിശീലനം**

കോ-ഓപ്പറേറ്റീവ് സർവ്വീസ് എക്സാമിനേഷൻ ബോർഡ്, സഹകരണവകുപ്പിലെ ജൂനിയർ ക്ലാർക്ക് നിയമനത്തിനായി നടത്തുന്ന മത്സര പരീക്ഷയ്ക്കുള്ള പരിശീലനം മഹാത്മാഗാന്ധി സർവ്വകലാശാലാ എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ആന്റ് ഗൈഡൻസ് ബ്യൂറോയിൽ ആരംഭിക്കുന്നു. സർവ്വകലാശാലാ ക്യാമ്പസിൽ വച്ച് നടത്തുന്ന പരിശീലനത്തിൽ പങ്കെടുക്കുവാൻ താല്പര്യമുള്ളവർ കോഴ്സ് ഫീസായ 2000/- രൂപയടച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. പട്ടികജാതി/പട്ടികവർഗ്ഗ/ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് 50ശതമാനം ഫീസിളവ് ഉണ്ടായിരിക്കും. വിശദ വിവരങ്ങൾക്ക് ഫോൺ 0481 - 2731025.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**